2024
FEBRUARY
09
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## മാലദ്വീപിൽനിന്നും സൈനികരെ പിൻവലിച്ച് പകരം സാങ്കേതിക വിദഗ്ധരെ നിയോഗിക്കും: ഇന്ത്യ

**ന്യൂഡൽഹി:** മാലദ്വീപിൽ വിന്യസിച്ചിട്ടുള്ള ഇന്ത്യൻ സൈനികരെ പിൻവലിച്ചു പകരം സാങ്കേതിക വിദഗ്ധരെ നിയോഗിക്കുമെന്ന് ഇന്ത്യൻ വിദേശകാര്യമന്ത്രാലയം. ഇന്ത്യൻ സൈനികരെ മാലദ്വീപിൽനിന്നും പിൻവലിക്കണമെന്ന പ്രസിഡന്റ് മുഹമ്മദ് മുയ്സു ആവശ്യപ്പെട്ടതിന് പിന്നാലെയാണു ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രഖ്യാപനം. സൈനികരെ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടു രാജ്യങ്ങളും തമ്മിൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്.

"നിലവിൽ വിന്യസിച്ചിരിക്കുന്ന സൈനികർക്കു പകരം സാങ്കേതിക വിദഗ്ധരെ നിയോഗിക്കും. ഇരുരാജ്യങ്ങളിലെയും അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മൂന്നാമത്തെ യോഗം ഉടൻ നടക്കും" ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം വക്താവ് രൺധിർ ജയ്!സ്വാൾ പറഞ്ഞു. ഫെബ്രുവരി രണ്ടിന് ന്യൂഡ!ൽഹിയിൽ ഇരുകൂട്ടരുടെയും ഒരു സംയുക്ത ഉന്നതതല യോഗം നടന്നിരുന്നു. ഇന്ത്യ കൈമാറിയ മൂന്ന് വിമാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട കാര്യങ്ങൾ കണ്ടെത്താൻ ഇരുകൂട്ടരും തമ്മിൽ ധാരണയായതായി യോഗത്തിനു പിന്നാലെ ഇന്ത്യ വ്യക്തമാക്കിയിരുന്നു.

ഇന്ത്യ നൽകിയ രണ്ട് സൈനിക ഹെലികോപ്റ്ററുകളും ഡോണിയർ വിമാനവും മാലദ്വീപ് സേനയുടെ ഭാഗമാണ്. ഇവയുടെ പ്രവർത്തനത്തിനും മാനുഷിക സഹായത്തിനുമാണ് ഇന്ത്യൻ സൈനികർ പ്രവർത്തിക്കുന്നത്. മാലദ്വീപിലുള്ള ഇന്ത്യൻ സൈനികരുടെ ആദ്യസംഘത്തെ മാർച്ച് 10ന് മുൻപും അവശേഷിക്കുന്നവരെ മേയ് 10നു മുൻപും മടക്കി അയയ്ക്കുമെന്നു പ്രസിഡന്റ് മുഹമ്മദ് മുയ്സു നേരത്തേ വ്യക്തമാക്കിയിരുന്നു.

# കേരളത്തിനു നൽകിയ കോടികളുടെ കണക്ക് പുറത്തുവിട്ട് കേന്ദ്രധനമന്ത്രി

**ന്യൂഡൽഹി:** കേരളത്തിന് നൽകിയ കോടികളുടെ കേന്ദ്രഫണ്ടിന്റെ കണക്ക് പാർലമെന്റിൽ നിരത്തി കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. യുപിഎ സർക്കാരിന്റെ കാലത്തെക്കാൾ 224 ശതമാനം നികുതി വിഹിതം കേരളത്തിന് അധികം നൽകിയെന്ന് മന്ത്രി രാജ്യസഭയിൽ വ്യക്തമാക്കി. കേന്ദ്ര സർക്കാർ അവഗണനയ്ക്കെതിരെയുള്ള കേരളത്തിന്റെ സമരം ഡൽഹിയിൽ നടക്കുമ്പോഴാണ് നികുതി വിഹിതകണക്കുമായി മന്ത്രി രംഗത്തെത്തിയത്. ഈ കണക്കുകളെല്ലാം സുതാര്യമാണെന്നും ഇത്രയും പണം കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്ന് കേരള സർക്കാരിന് പറയാമെന്നും നിർമല പറഞ്ഞു.



യുപിഎ ഭരണകാലത്ത് നൽകിയ തുകയുമായി താരതമ്യപ്പെടുത്തിയായിരുന്നു വിശദീകരണം. 2014, 24 എൻഡിഎ സർക്കാരിന്റെ കാലത്ത് 1,50,140 കോടി രൂപ രൂപ നികുതി വിഹിതമായി കേരളത്തിന് നൽകിയെന്നാണ് നിർമല സീതാരാമൻ വിശദീകരിക്കുന്നത്. 46,303 കോടി രൂപയാണ് യുപിഎ ഭരണകാലത്ത് നൽകിയ നികുതി വിഹിതമെന്നും മന്ത്രി വ്യക്തമാക്കി.

കഴിഞ്ഞ 10 വർഷത്തിനിടെ എൻഡിഎ സർക്കാർ 1,43,117 കോടി രൂപയാണ് ഗ്രാൻഡായി നൽകിയത്. ഇത് യുപിഎ സർക്കാരിന്റെ കാലത്ത് 25,629 കോടി മാത്രമായിരുന്നുവെന്നു മന്ത്രി പറഞ്ഞു. ഇതിൽ 458 ശതമാനമാണ് വർധനവുള്ളത്.

മൂലധന ചെലവിനുള്ള പ്രത്യേകധന സഹായമായി 2020, 2021ൽ 82 കോടി, 2021, 2022ൽ 239 കോടി,2022, 2023ൽ 1,903 കോടിയും അധിക കടമെടുപ്പായി 18,087 കോടി രൂപയും എൻഡിഎ സർക്കാർ അനുവദിച്ചതായും മന്ത്രി പറഞ്ഞു

യുപിഎ സർക്കാരിന്റെ കാലത്തെ സാമ്പത്തിക സ്ഥിതി വിവരിക്കുന്ന ധവളപത്രം പാർലമെന്റിൽ നിർമല സീതാരാമൻ അവതരിപ്പിച്ചു. യുപിഎ ,എൻഡിഎ സർക്കാരുകളുടെ പത്തു വർഷത്തെ താരതമ്യം ചെയ്യുന്ന 56 പേജുള്ള ധവളപത്രമാണ് സഭയിൽ വച്ചത്. ഇതു സംബന്ധിച്ച് വെള്ളിയാഴ്ച വിശദമായ ചർച്ച ലോക്സഭയിൽ നടക്കും.

# നാണയപ്പെരുപ്പം നിയന്ത്രണവിധേയം

**കൊച്ചി:** അടുത്ത സാമ്പത്തിക വർഷത്തിൽ നാണയപ്പെരുപ്പം ലക്ഷ്യമിട്ട 5.4 ശതമാനമായി നിലനിർത്താനാകുമെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത് ദാസ് പറഞ്ഞു. ഇന്നലെ പ്രഖ്യാപിച്ച ധന അവലോകന നയത്തിൽ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കുകളിൽ മാറ്റം വരുത്തിയില്ലെങ്കിലും നാണയപ്പെരുപ്പം നിയന്ത്രണവിധേയമാണെന്ന് സൂചിപ്പിക്കുന്നു. ഭക്ഷ്യ വിലക്കയറ്റത്തിനൊപ്പം ആഗോള പ്രശ്നങ്ങൾ മൂലമുള്ള ക്രൂഡ് വിപണിയിലെ അനിശ്ചിതത്വവും മറികടന്ന് നാണയപ്പെരുപ്പം 4.5 ശതമാനത്തിലേക്ക് താഴും.



അതേസമയം അടുത്ത സാമ്പത്തിക വർഷത്തിലെ ഇന്ത്യയുടെ വളർച്ചാ ലക്ഷ്യം റിസർവ് ബാങ്ക് ഏഴ് ശതമാനമായി കുറച്ചു. ഇക്കാലയളവിൽ 7.3 ശതമാനം വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത്. പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ ഇന്ത്യയുടെ 62250 കോടി ഡോളർ വിദേശ നാണയ ശേഖരം കരുത്താകും. രാജ്യത്തെ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും ബാലൻസ് ഷീറ്റിൽ ആരോഗ്യകരമായ വളർച്ചയാണ് ദൃശ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. സ്വകാര്യ മേഖലയിൽ മൂലധന നിക്ഷേപം വർധിക്കുന്നതിനാൽ വളർച്ച സംബന്ധിച്ച് ആശങ്കകളില്ല. അമെരിക്കൻ ഡോളർ അതിശക്തമാകുമ്പോഴും രൂപയുടെ മൂല്യം സ്ഥിരതയോടെ നീങ്ങുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡിജിറ്റൽ ഇടപാടുകളിലെ സുരക്ഷിതത്വം കൂട്ടുന്നതിന് ബദൽ സാധ്യതകൾ ഒരുക്കുമെന്നും റിസർവ് ബാങ്ക് പറയുന്നു. വൺ ടൈം പാസ്‌വേഡുകൾക്ക് പകരം ഇടപാടുകളുടെ ആധികാരികതയ്ക്കായി പുതിയ സംവിധാനം വരും. നെറ്റ്‌വർക്കില്ലാത്ത സ്ഥലങ്ങളിൽ ഡിജിറ്റൽ ഇടപാടുകൾ നടത്തുന്നതിന് പുതിയ സാങ്കേതിക തയാറാക്കുകയാണ്.അതേസമയം ആഗോള മേഖലയിലെ കേന്ദ്ര ബാങ്കുകളുടെ ചുവടുപിടിച്ച് സെപ്റ്റംബറിന് ശേഷം ഉദാര ധനസമീപനത്തിലേക്ക് റിസർവ് ബാങ്ക് മാറുമെന്ന് കൊച്ചിയിലെ പ്രമുഖ ചാർട്ടേഡ് അക്കൗണ്ടൻറായ ബിജു നാരായണൻ പറയുന്നു. മുഖ്യ നിരക്കിൽ റിസർവ് ബാങ്ക് മാറ്റം വരുത്തിയിട്ടില്ലെങ്കിലും സെപ്റ്റംബറിന് ശേഷം ബാങ്കുകൾ ഭവന വായ്പകളുടെ പ്രതിമാസ തിരിച്ചടവ് തുക (ഇഎംഐ) ഒരു ശതമാനം വരെ കുറച്ചേക്കും.



# എസ്.പി ബാലസുബ്രമഹ്ണ്യത്തിന് ട്രിബ്യൂട്ടുമായി ഐ.എം.എ കൊച്ചി

**കൊച്ചി:** അന്തരിച്ച പ്രമുഖ ഗായകൻ എസ്.പി ബാലസുബ്രമഹ്ണ്യത്തിനോടുള്ള ആദര സൂചകമായി ഈ മാസം 10 ന് (ഫെബ്രുവരി 10, ശനി)'ട്രിബ്യൂട്ട് ടു എസ്പിബി ' എന്ന പേരിൽ ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ എക്സ്.ജെ എന്റർടെയ്ൻമെന്റ്സുമായി സഹകരിച്ച് സംഗീത നിശ നടക്കും. വൈകിട്ട് ആറിന് ആരംഭിക്കുന്ന സംഗീത നിശ ഗായകരായ അഫ്സൽ, അഖില ആനന്ദ് എന്നിവരാണ് നയിക്കുന്നത്. പ്രവേശനം പാസ് മൂലം.ഫെബ്രുവരി 17 ന് പ്രമുഖ സംഗീതജ്ഞനായ ഡോക്ടർ ലിങ്കന്റെ നേതൃത്വത്തിലുള്ള സംഗീത പരിപാടിക്കും കൊച്ചി ഐ.എം.എ ഹൗസ് വേദിയാകും.ഏപ്രിൽ 20 ന് പ്രമുഖ ഗായകനായ ഷഹബാസ് അമൻ നയിക്കുന്ന 'ഷഹബാസ് അമൻ പാടുന്നു ' എന്ന പേരിൽ സംഗീത സന്ധ്യയും നടക്കുമെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് എന്നിവർ പറഞ്ഞു.

# എൽഐസി മ്യൂച്വൽ ഫണ്ട് പുതിയ ഫണ്ട് ഓഫർ പുറത്തിറക്കി

**കൊച്ചി:** എൽഐസി മ്യൂച്വൽ ഫണ്ട് അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡ് പുതിയ ഫണ്ട് ഓഫർ (എൻ എഫ് ഒ) പുറത്തിറക്കി. 'എൽഐസി എംഎഫ് നിഫ്റ്റി മിഡ്കാപ് 100 ഇടിഎഫ്' എന്നാണ് പുതിയ ഫണ്ടിന്റെ പേര്. 2024 ഫെബ്രുവരി 8 ന് ആരംഭിച്ചിരിക്കുന്ന ഓഫർ ഫെബ്രുവരി 12 വരെ തുടരും.

അതിന് ശേഷം ഫെബ്രുവരി 19 മുതൽ വീണ്ടും തുടർച്ചയായി വിൽപനക്ക് ലഭ്യമാകും. പുതിയ ഫണ്ടിന്റെ മാനേജർ എൽഐസി മ്യൂച്വൽ ഫണ്ട് ഇക്വിറ്റി ഫണ്ടിന്റെ സുമിത് ഭട്നാഗറാണ്.ഫണ്ടിന്റെ ലക്ഷ്യം നിഫ്റ്റി മിഡ് കാപ് 100 ടോട്ടൽ റിട്ടേൺ ഇൻഡെക്സിലുള്ള ഓഹരികളുടെയും കടപ്പത്രങ്ങളുടെയും പ്രകടനത്തിനനുസരിച്ചുള്ള വരുമാനം ലഭ്യമാക്കുക എന്നതാണെന്ന് മാനേജിംഗ് ഡയറക്ടറും സിഇഒ യുമായ രവികുമാർ ഝാ പറഞ്ഞു. എന്നാൽ ഇത് വിപണിയിലെ നഷ്ടസാധ്യതകൾക്ക് വിധേയമായിരിക്കും.

പുതിയ ഫണ്ടിന്റെ കുറഞ്ഞ നിക്ഷേപം 5000 രൂപയും, അതിനു ശേഷം ഒരു രൂപയുടെ ഗുണിതങ്ങളുമായിരിക്കും. എൽഐസി എംഎഫ് നിഫ്റ്റി മിഡ്കാപ് 100 ന്റെ കാര്യത്തിൽ എൽഐസി മ്യൂച്വൽ ഫണ്ടിന് ശുഭാപ്തി വിശ്വാസമുണ്ടെന്ന് രവികുമാർ ഝാ പറഞ്ഞു. നിലവിലുള്ള സാമ്പത്തിക പരിതസ്ഥിതിയിൽ കൃത്യ സമയത്തു തന്നെയാണ് ഫണ്ട് പുറത്തിറക്കുന്നതെന്നും, ഐഎംഎഫ് റിപ്പോർട്ടനുസരിച്ച് വരും വർഷങ്ങളിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച ശക്തമായിരിക്കുമെന്നും അദ്ദേഹം വിലയിരുത്തി. ഇതിലുപരിയായി അടുത്ത സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ വളർച്ച ലോകത്തിൽ ഏറ്റവും ഉയർന്നതാകുമെന്നും, ഗവൺമെന്റിന്റെ വിപണിയിൽ നിന്നുള്ള കടമെടുപ്പ് താഴ്ന്നു നിൽക്കുന്നത് ഓഹരി വിപണിക്ക് കരുത്തേകുമെന്നും ഈ സാഹചര്യത്തിൽ പുതിയ ഫണ്ടിലേക്ക് കൂടുതൽ നിക്ഷേപകർ എത്തുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

# മദ്രാസ് ഐഐടിയിൽ ബിടെക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

**കൊച്ചി:** പൂർവ്വവിദ്യാർത്ഥികളും സിഎസ്ആർ പങ്കാളികളും കൈകോർത്ത് മദ്രാസ് ഐഐടിയിൽ യോഗ്യരായ ബിടെക് വിദ്യാർത്ഥികൾക്ക് മെറിറ്റ് കം മീൻസ് (എംസിഎം) സ്കോളർഷിപ്പ് നൽകും. തുടർച്ചയായ രണ്ട് വർഷങ്ങളിൽ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ള ബിടെക്

വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. സ്റ്റുഡന്റ് സ്കോളർഷിപ്പുകൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിന് പൂർവ്വ വിദ്യാർത്ഥികളും കോർപ്പറേറ്റുകളും നടത്തിയ ശ്രമങ്ങൾ ഫലം കണ്ട സാഹചര്യത്തിൽ, വരും വർഷങ്ങളിൽ യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും മുഴുവൻ ട്യൂഷൻ ഫീസ് കവറേജും ഉറപ്പാക്കാൻ തീരുമാനമെന്ന് മദ്രാസ് ഐഐടി ഡയറക്ടർ പ്രൊഫ. വി കാമകോടി പറഞ്ഞു.

മദ്രാസ് ഐഐടിയും കേന്ദ്ര, സംസ്ഥാന സർക്കാരുകളും വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ സ്!കോളർഷിപ്പ് സഹായങ്ങൾക്ക് പുറമെയാണ് എംസിഎം. എസ് സി/ എസ് ടി വിദ്യാർത്ഥികളെ വരുമാന പരിഗണന കൂടാതെ ട്യൂഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്ന് നിലവിൽ ഒഴിവാക്കിയിട്ടുമുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് കഴിയുന്നത്ര സാമ്പത്തിക സഹായം ലഭ്യമാക്കാൻ പരമാവധി ശ്രമിക്കാറുണ്ടെന്നും എംസിഎം സ്കോളർഷിപ്പ് സാധ്യമാക്കുന്നതിൽ സഹകരിച്ചവരോട് നന്ദിയുണ്ടെന്നും പ്രൊഫ. വി കാമകോടി പറഞ്ഞു.

202324 സാമ്പത്തിക വർഷത്തിൽ 495 വിദ്യാർത്ഥികൾക്കായി 3.30 കോടി രൂപയാണ് എംസിഎം സ്കോളർഷിപ്പായി നൽകുക. 66,667 രൂപയുടെ സ്!കോളർഷിപ്പ് ഓരോ അക്കാഡമിക് വർഷത്തിലെയും രണ്ട് സെമസ്റ്ററുകളിൽ ഓരോന്നിലും പകുതി വീതം ലഭ്യമാകും.




# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ 11 ന് ; ഒരുക്കങ്ങൾ പൂർത്തിയായി

**കൊച്ചി:** ഫെബ്രുവരി 11ന് നടക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ഒരുക്കങ്ങൾ പൂർത്തിയായി. മാരത്തൺ റൂട്ട് അനാവരണം ചെയ്തു. 42.195 കി.മീ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങൾക്ക് പുറമെ ഇത്തവണ ശാരീരിക അവശതകൾ നേരിടുന്നവർക്കും ഭിന്നശേഷിക്കാർക്കുമായി 1.3 കിലോമീറ്റർ സ്പെഷ്യൽ റൺ നടക്കും. വേൾഡ് അത്‌ലറ്റിക്സ് അംഗീകൃത റൂട്ടിലാണ് മാരത്തൺ നടക്കുക.മാരത്തൺ പുലർച്ചെ 4 മണിക്ക് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ഫ്ളാഗ് ഓഫ് ചെയ്യുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

എം ജി റോഡ് വഴി തേവര ജംഗ്ഷൻ, ഓൾഡ് തേവര റോഡ്, ചർച്ച് ലാൻഡിംഗ് റോഡ്, ഫോർഷോർ റോഡ്, മറൈൻ ഡ്രൈവ്, ഗോശ്രീ പാലം ജംഗ്ഷനിൽ നിന്നും ചാത്യാത് വാക്ക് വേ വഴി തിരിഞ്ഞ് ഗോശ്രീ പാലം കയറി കണ്ടെയിനർ റോഡ് വഴി ചേരാനല്ലൂർ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കണ്ടെയിനർ റോഡ് വഴി മറൈൻ ഡ്രൈവ്, ഫോർഷോർ റോഡ്, ഹോസ്പിറ്റൽ റോഡ് വഴി മഹാരാജാസ് ഗ്രൗണ്ടിൽ സമാപിക്കും. ഹാഫ് മാരത്തൺ രാവിലെ 5 മണിക്കും, 10 കി മീ മാരത്തൺ 6 മണിക്കും, 3 കിമീ ഗ്രീൻ റൺ 7 മണിക്കും, 1.3 കിലോ മീറ്റർ സ്പെഷ്യൽ റൺ 7.30നും ആരംഭിക്കും. 7280 പേർ ഇതിനകം മാരത്തണിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 9,10 ദിവസങ്ങളിലായി നടക്കുന്ന എക്സ്പോയിൽ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉണ്ടാകും. ഇതിലൂടെ 800 മുതൽ ആയിരം വരെ രജിസ്ട്രേഷൻ പ്രതീക്ഷിക്കുന്നു. സ്പെഷ്യൽ റൺ കാറ്റഗറിയിൽ 800 രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പത്തിലേറെ രാജ്യങ്ങളിൽ നിന്നും, ഇന്ത്യയിലെ ഇരുപതിലേറെ സംസ്ഥാനങ്ങളിൽ നിന്നുള്ള മികച്ച അത്‌ലറ്റുകളുടെ സാന്നിധ്യം കൊണ്ട് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ അന്തർ ദേശീയ ഇവന്റായി മാറുമെന്ന് റേസ് ഡയറക്ടർ ശബരി നായർ പറഞ്ഞു.ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ജനപങ്കാളിത്തം കൊണ്ട് തന്നെ ശ്രദ്ധ നേടുമെന്ന് ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റ് സുരേഷ് കുമാർ പറഞ്ഞു. ഫെഡറൽ ബാങ്കിലെ 500ഓളം ജീവനക്കാർ മാരത്തണിൽ ഓടുമെന്നും അദ്ദേഹം അറിയിച്ചു.


പതിനഞ്ചു ലക്ഷം രൂപയാണ് ഇത്തവണത്തെ സമ്മാനത്തുക.മാരത്തൺ സുരക്ഷിതമായി നടത്തുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി സംഘാടകർ അറിയിച്ചു. ഹോൾഡിംഗ് ഏരിയയിൽ ബേസ് മെഡിക്കൽ ക്യാമ്പും മാരത്തൺ റൂട്ടിൽ ആറ് മെഡിക്കൽ സ്റ്റേഷനുകളും സജ്ജീകരിക്കുമെന്ന് ആസ്റ്റർ മെഡിസിറ്റി എമർജൻസി വിഭാഗത്തിലെ ഡോ. ഹരി പറഞ്ഞു. അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി മൂന്ന് ആംബുലൻസുകളുടെ സേവനവും ഒരുക്കും.

എല്ലാ വോളന്റിയർമാർക്കും അടിയന്തര പരിചരണങ്ങളിലും സിപിആർ പോലുള്ള പ്രക്രിയകളിലും പരിശീലനം നൽകിയിട്ടുണ്ടെന്നും ഡോ. ഹരി അറിയിച്ചു. അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രതിനിധികൾ സ്റ്റാർട്ട്, ഫിനിഷ് ലൈനുകളും യു ടേണുകളിലും ഔദ്യോഗികമായി നിരീക്ഷിക്കും.

മാരത്തണിന്റെ ഓഫീഷ്യൽ പെയിൻ റിലീഫ് പാർട്ണറായ ടൈഗർ ബാം മാരത്തൺ റൂട്ടിലുടനീളം ഓട്ടക്കാർക്കുണ്ടാകുന്ന ഏതൊരു വേദനയും പരിഹരിക്കാൻ ടച്ച് പോയിന്റുകൾ സ്ഥാപിക്കും, കൂടാതെ മാരത്തണിന് ശേഷമുണ്ടാകുന്ന വേദനകളും അസ്വസ്ഥതകളും പരിഹരിക്കുന്നതിനും പരിചരണത്തിനുമായി പ്രൊഫഷണൽ സ്പോർട്സ് തെറാപ്പിസ്റ്റുകളുടെ റിലീഫ് സോണും സജ്ജമാക്കും.ക്ലിയോ സ്പോർട്സ് ഡയറക്ടർമാരായ അനീഷ് കെ. പോൾ, ബൈജു പോൾ, എം.ആർ.കെ. ജയറാം, ശബരി നായർ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ പ്രൊജക്ട് ഹെഡ് വിപിൻ നമ്പ്യാർ, കേരള സ്റ്റേറ്റ് അത്‌ലറ്റിക്സ് അസോസിയേഷൻ പ്രതിനിധി സോളമൻ ആന്റണി, കോഴ്സ് ഡയറക്ടർ അമീർ ശാന്തിവൻ തുടങ്ങിയവർ പങ്കെടുത്തു.

# അഖിലിൻറെ ജർമ്മൻ സ്വപ്നങ്ങൾക്ക് ഗ്ലാൻസൻറിലൂടെ സാക്ഷാത്കാരം

**കൊച്ചി:** രാത്രികാലങ്ങളിൽ തെരുവിളക്കിൻറെ വെളിച്ചത്തിലും ജോലിക്കിട യിലെ ഇടവേളകളിലും ജർമൻ ഭാഷ പഠനത്തിന് സമയം കണ്ടെത്തുന്ന പരിശ്രമശാലിയായ പാലക്കാട് സ്വദേശി അഖിൽ ശിവദാസൻറെ ജർമൻ സ്വപ്നങ്ങൾക്കു ലക്ഷ്യത്തിലെത്തുംവരെ കൊച്ചി വൈറ്റിലയിലെ ഗ്ലാൻസൻറ് ഇൻസ്റ്റിറ്റ്യൂട്ട് കൂടെയുണ്ടാകും.



ഓൺലൈൻ ഫുഡ് വിതരണത്തിൻറെ നിരന്തര ഓട്ടത്തിനിടയിൽ തെരുവോരങ്ങൾപോലും പഠനയിടമാക്കുന്ന യുവാവിനെക്കുറിച്ചു കഴിഞ്ഞദിവസം മാധ്യമങ്ങളിൽ വന്ന വാർത്ത പ്രചരിച്ചതോടെയാണ് അഖിലിൻറെ ഇച്ഛാശക്തിയും കഠിന പരിശ്രമവും പുറംലോകം അറിഞ്ഞത്. അച്ഛനും അമ്മയും നഷ്ടപ്പെട്ട ഈ ചെറുപ്പക്കാരൻ മുത്തച്ഛനും മുത്തശ്ശിയും അടങ്ങിയ കുടുംബം പോറ്റാൻ രാപകലില്ലാതെ പായുമ്പോഴും വൻ സാമ്പത്തിക ചെലവ് വരുന്ന തൻറെ മോഹങ്ങൾ കൈവിടാൻ അഖിൽ തയ്യാറല്ല. ഇതറിഞ്ഞ ഗ്ലാൻസൻറ് മാനേജ്മെൻറ് സ്ഥിരോത്സാഹിയായ ഈ നിർധന യുവാവിൻറെ പഠനം മുതൽ ജർമ്മനിയിൽ ജോലി നേടുന്നതു വരെയുള്ള മുഴുവൻ സാമ്പത്തിക ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ തീരുമാനിച്ചു. ജർമൻ ഭാഷ പഠിപ്പിക്കുന്ന ഗ്രൂപ്പിൻറെ കൊച്ചി സെൻററിലാണ് പഠനം സൗകര്യം ഒരുക്കുക.

കഴിഞ്ഞ ദിവസം കൊച്ചിയിൽ നടന്ന ഗ്ലാഡ് ഫെസ്റ്റിൽ ഗ്ലാൻസൻറ് സി ഇ ഒ മാർക്ക് വിജയകുമാർ ഇതുസംബന്ധിച്ച ധാരണപത്രം അഖിലിന് കൈമാറി. സി ഒ ഒ കിഷോർകുമാർ സുദർശൻ, ഡയറക്ടർ ബി. ജയകർ, റേഡിയോ ജോക്കി ജോസഫ് അന്നംകുട്ടി ജോസ്, ബ്ലോഗർ നസറുദ്ദീൻ ഷാ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# കുട്ടികളിലെ രക്താർബുദം; അറിഞ്ഞിരിക്കേണ്ടതെല്ലാം



**ഡോ. കേശവൻ എം ആർ**
കൺസൾട്ടന്റ്, പീഡിയാട്രിക് ഹെമറ്റോ ഓങ്കോളജി,
ആസ്റ്റർ മിംസ്, കാലിക്കറ്റ്

നമ്മുടെ ശരീരത്തിൽ പ്രവേശിക്കുന്ന രോഗാണുക്കളെ തുരത്തുന്ന രക്തത്തിലെ ഘടകമാണ് ശ്വേതരക്താണുക്കൾ. ഇവ അമിതമായി ഉല്പാദിപ്പിക്കപ്പെടുമ്പോഴാണ് രക്താർബുദം അഥവാ ലുക്കീമിയ ഉണ്ടാകുന്നത്. ശരീരത്തിൽ രക്തം ഉണ്ടാക്കുന്ന മജ്ജയിലും ലസീകഗ്രന്ഥികളിലുമാണ് ഈ രോഗമുണ്ടാകുന്നത്. കുട്ടികളിൽ ഈ അസുഖം വളരെ പെട്ടെന്നാണ് ഗുരുതരമാകുന്നത്. നേരത്തെ കണ്ടെത്തിയാൽ കുട്ടികളിലെ രക്താർബുദം പൂർണമായും ചികിൽസിച്ചു മാറ്റാനും അവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും കഴിയും. കുട്ടികളുടെ ശരീരം പൊതുവെ ചികിത്സയോട് നന്നായി പ്രതികരിക്കുന്നത് ഒരു അനുഗ്രഹമാണ്. അതുകൊണ്ട് 80% കുട്ടികളും രക്താർബുദത്തെ അതിജീവിക്കുന്നു. എന്നാൽ ലക്ഷണങ്ങളെ നിസാരമായി കാണാൻ കഴിയില്ല.സാധാരണഗതിയിൽ കുട്ടികളുടെ ഡി.എൻ.എ യിൽ വളരെ നേരത്തേയുണ്ടാകുന്ന ചില മാറ്റങ്ങളാണ് അർബുദത്തിന് കാരണമാകുന്നത്. പ്രസവത്തിന് മുൻപേ തന്നെ ഉണ്ടാകുന്ന മാറ്റങ്ങളായിരിക്കാം ഇവ. ഗർഭധാരണസമയത്തെ മദ്യപാനവും പുകവലിയും, അമിതമായ കോഫിയുടെ ഉപയോഗം എന്നിവ കുഞ്ഞുങ്ങളിൽ കാൻസറിന് കാരണമാകുമെന്ന് സൂചിപ്പിക്കുന്ന പഠനങ്ങളുണ്ട്. ഗർഭകാലത്ത് ഏതെങ്കിലും തരത്തിലുള്ള റേഡിയേഷൻ തുടർച്ചയായി ശരീരത്തിലെത്തിയിട്ടുണ്ടെങ്കിലും അർബുദത്തിന് സാധ്യതയുണ്ട്. കുടുംബത്തിൽ അടുത്ത ബന്ധുക്കൾക്ക് രക്താർബുദം വന്നിട്ടുണ്ടെങ്കിലും കരുതിയിരിക്കണം. 35 വയസ് കഴിഞ്ഞ് അമ്മമാരാകുന്ന സ്ത്രീകളുടെ കുട്ടികളിലും രോഗസാധ്യതയുണ്ട്. കീടനാശിനികളുടെ ഉപയോഗവും ഒരു പ്രധാന വില്ലനാണ്.

ലക്ഷണങ്ങൾ കണ്ടാൽ കുട്ടിയെ വിദഗ്ധപരിശോധനകൾക്ക് വിധേയരാക്കണം. ദിവസങ്ങൾക്കുള്ളിൽ കുട്ടികളിൽ ലക്ഷണങ്ങൾ തീവ്രമാകാറുണ്ട്. മുതിർന്നവരേക്കാൾ വളരെ വേഗത്തിലും തീവ്രതയിലുമാണ് രോഗം വ്യാപിക്കുക. സാധാരണ പനിയോ ശരീരവേദനയോ ആയിട്ടായിരിക്കും കുട്ടികളെ ആശുപത്രിയിൽ എത്തിക്കുന്നത്. കാൻസർ ബാധ സംശയിച്ചാൽ ഡോക്ടർ സ്മിയർ ടെസ്റ്റും കൗണ്ട് ടെസ്റ്റും നിർദേശിക്കും. അവയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിൽ ലുക്കീമിയയുടെ സാധ്യത പരിശോധിക്കണം. അതിനായി ബോൺ മാരോ പരിശോധന നടത്താം.ലുക്കീമിയക്കെതിരെയുള്ള കീമോതെറാപ്പി ചികിത്സയും കുട്ടികളിൽ ഏറെ ഫലപ്രദമാണ്. മുതിർന്നവരിൽ കാണുന്നത് പോലെ ജീവിതശൈലി രോഗങ്ങളോ പാരിസ്ഥിതിക ഘടകങ്ങളോ കുട്ടികളിൽ അർബുദത്തിന് കാരണമാകാറില്ല.രക്താർബുദം പല തരത്തിലുണ്ട്. ഓരോന്നിന്റെയും ചികിത്സാരീതിയിലും ദൈർഘ്യത്തിലും വ്യത്യാസമുണ്ട്.



**ചികിത്സ എങ്ങനെ**

അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയയാണ് കുട്ടികളിൽ ഏറ്റവമധികം കണ്ടുവരുന്നത്. ശൈശവകാലത്തെ കാൻസറുകളിൽ 75% അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയയാണ്. അതിവേഗം രോഗം പുരോഗമിക്കുന്നതിനാൽ എത്രയും വേഗം ചികിത്സ തുടങ്ങേണ്ടത് വളരെ അത്യാവശ്യമാണ്. കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി, സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ്, മോണോക്ലോണൽ ആന്റിബോഡികൾഎന്നീ ചികിത്സകളാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ഒന്നിലേറെ ചികിത്സകൾ ഒരുമിച്ചും നൽകാറുണ്ട്. രണ്ടരവർഷം വരെ ചികിത്സ നീണ്ടുനിൽക്കാറുണ്ട്. അക്യൂട്ട് മൈലോജീനസ് ലുക്കീമിയ പോലെയുള്ള മറ്റ് കാൻസറുകളാണെങ്കിൽ ചികിത്സയുടെ ദൈർഖ്യത്തിലും വ്യത്യാസങ്ങളുണ്ടാകും.ആദ്യത്തെ ആറുമാസം കഠിനമായ കീമോതെറാപ്പിയാണ് നൽകുന്നത്. പിന്നീട് മുടങ്ങാതെ മരുന്നുകൾ കഴിക്കണം. ഇക്കാലത്ത് കുട്ടികളിൽ പല അസ്വസ്ഥതകളും കണ്ടുവെന്നുവരാം. കുട്ടികളുടെ രക്ഷിതാക്കൾ കരുത്ത് കൈവിടാതെ ക്ഷമയും

**നമ്മുടെ ശരീരത്തിൽ പ്രവേശിക്കുന്ന രോഗാണുക്കളെ തുരത്തുന്ന രക്തത്തിലെ ഘടകമാണ് ശ്വേതരക്താണുക്കൾ. ഇവ അമിതമായി ഉല്പാദിപ്പിക്കപ്പെടുമ്പോഴാണ് രക്താർബുദം അഥവാ ലുക്കീമിയ ഉണ്ടാകുന്നത്. ശരീരത്തിൽ രക്തം ഉണ്ടാക്കുന്ന മജ്ജയിലും ലസീകഗ്രന്ഥികളിലുമാണ് ഈ രോഗമുണ്ടാകുന്നത്. കുട്ടികളിൽ ഈ അസുഖം വളരെ പെട്ടെന്നാണ് ഗുരുതരമാകുന്നത്. നേരത്തെ കണ്ടെത്തിയാൽ കുട്ടികളിലെ രക്താർബുദം പൂർണമായും ചികിൽസിച്ചു മാറ്റാനും അവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും കഴിയും.**



ശ്രദ്ധയും നൽകേണ്ട സമയമാണിത്. ഈ സമയം അണുബാധകൾ ഉണ്ടാകാതെ നോക്കേണ്ടത് അനിവാര്യമാണ്. നല്ല ശുചിത്വം പാലിക്കണം. പുറമെ നിന്നുള്ള ഭക്ഷണങ്ങൾ പൂർണമായും ഒഴിവാക്കണം. വീട്ടിൽ തന്നെ പുതുതായി പാചകം ചെയ്യുന്ന ഭക്ഷണം മാത്രമേ നൽകാവൂ. ഫ്രിഡ്ജിൽ വെച്ചതും പഴകിയതുമായ ഭക്ഷണങ്ങൾ നൽകരുത്. കല്യാണം പോലെയുള്ള തിരക്കുള്ള സ്ഥലങ്ങളിൽ കുട്ടിയെ കൊണ്ടുപോകരുത്. കുട്ടികളെ കാണാൻ വരുന്നവരും ശുചിത്വം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സന്ദർശകരിൽ ഒരാൾക്ക് ജലദോഷമുണ്ടെങ്കിൽ പോലും കുട്ടിക്ക് അതിൽ നിന്ന് അണുബാധയുണ്ടായാൽ ആരോഗ്യം മോശമാകാൻ ഇടയുണ്ട്. ഡോക്ടർമാർ നൽകുന്ന മരുന്നുകൾ മുടങ്ങാതെ കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.അർബുദം പൂർണമായും ശരീരത്തിൽ നിന്ന് പോകുന്നത് വരെ എന്ത് അസുഖമുണ്ടെങ്കിലും ഉടൻ ഡോക്ടറെ കാണണം. രാത്രി ഒരു ചെറിയ പനി വന്നാൽ പോലും നേരം പുലരുന്നത് വരെ കാത്തിരിക്കാതെ ഉടൻ അടുത്തുള്ള പീഡിയാട്രീഷനെ കാണണം.

**രോഗം ഭേദമായ ശേഷം**

കുട്ടികളിലെ അർബുദത്തിന് എതിരെയുള്ള ചികിത്സാരീതികൾ കൂടുതൽ വികസിക്കുകയും ഫലപ്രാപ്തി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ കൃത്യമായ ചികിത്സയിലൂടെ ധാരാളം കുട്ടികൾ രോഗത്തിൽ നിന്ന് മോചനം നേടി കൗമാരവും യൗവ്വനവും പിന്നിടുന്നു. എങ്കിലും ചില പാർശ്വഫലങ്ങൾ അവരെ ദീർഘകാലം പിന്തുടർന്നേക്കാം. ഏത് തരം അർബുദമാണ് അവരെ ബാധിച്ചതെന്നും എന്ത് ചികിത്സയാണ് നല്കിയതെന്നതിനെയും ആശ്രയിച്ചിരിക്കും പാർശ്വഫലങ്ങൾ. കുട്ടിക്കാലത്ത് കാൻസർ വന്നവരിൽ പിൽക്കാലത്ത് വീണ്ടും കാൻസർ വരാനുള്ള സാധ്യതയുമുണ്ട്. സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ് പോലെയുള്ള ചികിത്സകൾ വേണ്ടിവന്നവരിൽ വളർച്ച മുരടിക്കാറുണ്ട്. ആവശ്യമെങ്കിൽ ഇവർക്ക് വളർച്ചയ്ക്ക് ആവശ്യമായ ഹോർമോണുകളും നൽകാം.

## കുട്ടികളിലെ രക്താർബുദത്തിന്റെ ലക്ഷണങ്ങൾ

- വിട്ടുമാറാത്ത ചുമയും പനിയും
- ആന്റിബയോട്ടിക് മരുന്നുകളോട് പ്രതികരിക്കാത്ത അവസ്ഥ
- കാരണമില്ലാത്ത ക്ഷീണവും തളർച്ചയും
- ലസീക ഗ്രന്ധികളിലെ നീർക്കെട്ട് (താടിയിലും കഴുത്തിലും കക്ഷത്തിലും ചെവിക്ക് പിറകിലും കാണുന്ന മുഴകൾ പ്രത്യേകം ശ്രദ്ധിക്കണം)
- കരളും പ്ലീഹയും വീർത്തിരിക്കുക
- മൂക്കിൽ നിന്നോ വായിൽ നിന്നോ രക്തം വരിക (പല്ലുതേയ്ക്കുമ്പോൾ പ്രത്യേകിച്ച്)
- ചർമത്തിൽ ചുവന്ന പാടുകൾ
- കാരണമില്ലാതെ ഭാരം കുറയുക
- വിളർച്ച
- കൈകാലുകളിൽ അസഹ്യമായ വേദന
- വേദനകാരണം നടക്കാൻ ബുദ്ധിമുട്ട്
- മലം കറുത്തനിറത്തിൽ പോവുക

# മണപ്പുറം ഫിനാൻസിന് 575 കോടി രൂപ അറ്റാദായം

**തൃശൂർ:** നടപ്പു സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് 575 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻ വർഷം ഇതേ പാദത്തിലെ 394 കോടി രൂപയിൽ നിന്നും 46 ശതമാനം വാർഷിക വർധനയാണ് രേഖപ്പെടുത്തിയത്. തൊട്ടുമുമ്പത്തെ പാദത്തെ അപേക്ഷിച്ച് 2.6 ശതമാനം വർധനയുണ്ട്. കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത ആസ്തികളുടെ മൂല്യം 2023 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിൽ 27 ശതമാനം വാർഷിക വർധനയോടെ 40,385 കോടി രൂപയിലെത്തി. രണ്ടാം പാദത്തെ അപേക്ഷിച്ച് 3.7 ശതമാനമാണ് വർധന. സബ്സിഡിയറികൾ ഉൾപ്പെടാതെ ഉള്ള കമ്പനിയുടെ അറ്റാദായം 429 കോടി രൂപയാണ്. സംയോജിത പ്രവർത്തന വരുമാനം 34 ശതമാനം വർധിച്ച് 2305 കോടി രൂപയിലുമെത്തി.

സംയോജിത സ്വർണ വായ്പാ പോർട്ട്ഫോളിയോ 12 ശതമാനം വർധിച്ച് 20,758 കോടി രൂപയിലെത്തി. 2023 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 25 ലക്ഷം സജീവ സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്. മൂന്നാം പാദത്തിൽ മൊത്തത്തിലുള്ള ലാഭക്ഷമതയിലും ആസ്തി മൂല്യത്തിലും നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. സ്വർണ ഇതര ബിസിനസിൽ, പ്രത്യേകിച്ച് മൈക്രോ ഫിനാൻസ്, വാഹനഉപകരണ വിഭാഗങ്ങളിൽ മുൻനിരയിൽ സ്ഥാനം ഉറപ്പിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങൾ ഫലം കാണുന്നുണ്ട്,' മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി. പി. നന്ദകുമാർ പറഞ്ഞു. സ്വർണവായ്പാ ആസ്തി നില മാറ്റമില്ലാതെ തുടരുമ്പോൾ ആശീർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡിന്റെ ആസ്തി മൂല്യം മൂന്നാം പാദത്തിൽ 34 ശതമാനം വർധനയോടെ 11,563 കോടി രൂപയിലെത്തി. മുൻവർഷം ഇത് 8654 കോടി രൂപയായിരുന്നു.

ആശീർവാദിന്റെ അറ്റാദായം 80 ശതമാനം വർധനയോടെ 127 കോടി രൂപയിലുമെത്തി. വെഹിക്കിൾ ആന്റ് എക്യുപ്മെന്റ് ഫിനാൻസ് വിഭാഗം മികച്ച വായ്പാ അച്ചടക്കം നിലനിർത്തിയതോടൊപ്പം ആസ്തി മൂല്യം 3597 കോടി രൂപയിലെത്തിച്ചു. ഭവനവായ്പാ സബ്സിഡിയറിയായ മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡും സ്ഥിരതയുള്ള ആസ്തി വർധന നേടി.

മുൻ വർഷത്തെ അപേക്ഷിച്ച് 41 ശതമാനം വർധനയോടെ ആസ്തി മൂല്യം 1415 കോടി രൂപയിലെത്തി. ഫീ അടിസ്ഥാനമാക്കിയുള്ള ഇൻഷുറൻസ് ബ്രോക്കറേജ് ബിസിനസും മികച്ചരീതിയിൽ വളരുന്നുണ്ട്.

ഈ പാദത്തിൽ 28 കോടി രൂപയുടെ അറ്റാദായവും നേടി.കമ്പനിയുടെ സംയോജിത ആസ്തിയുടെ 49 ശതമാനവും സ്വർണ വായ്പാ ഇതര ബിസിനസുകളിൽ നിന്നാണ്. സബ്സിഡിയറികൾ ഉൾപ്പെടാതെയുള്ള കമ്പനിയുടെ ശരാശരി കടമെടുക്കൽ പലിശ നിരക്ക് 8.7 ശതമാനമാണ്. മുൻവർഷം 8.1 ശതമാനമായിരുന്നു ഇത്. മൊത്ത നിഷ്ക്രിയ ആസ്തി 2 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 1.8 ശതമാനവുമാണ്.

കമ്പനിയുടെ സംയോജിത അറ്റ മൂല്യം 11,063 കോടി രൂപയായി ഉയർന്നു. പ്രതി ഓഹരി ബുക്ക് വാല്യു 131 രൂപയും മൂലധന പര്യാപ്തതാ അനുപാതം 30.7 ശതമാനവുമാണ്. 65 ലക്ഷം ഉപഭോക്താക്കളുള്ള കമ്പനിയുടെ, എല്ലാ സബ്സിഡിയറികളും ഉൾപ്പെടെയുള്ള സംയോജിത കടം 31,927 കോടി രൂപയാണ്.

# ഒസ്സികോൺ ദേശീയ സമ്മേളനം ആരംഭിച്ചു

**കൊച്ചി:** ഒബിസിറ്റി (അമിതവണ്ണം) സർജറി സൊസൈറ്റി ഓഫ് ഇന്ത്യയുടെ 21ാം ദേശീയ സമ്മേളനം ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി നടക്കുന്ന ഒബിസിറ്റി സർജന്മാരുടെ സമ്മേളനം ശനിയാഴ്ച വരെ തുടരും. വി.പി.എസ് ലേക്ഷോർ ആശുപത്രിയുടെ മിനിമലി ഇൻവേസീവ് സർജറി വിഭാഗം, കീഹോൾ ക്ലിനിക്, വെർവൻഡൈൻ ഇൻസ്റ്റിറ്റ്യൂട്ട്, അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.വ്യാഴാഴ്ച ഒബിസിറ്റി സർജറി സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ഡോ. പ്രവീൺ രാജിന്റെ അധ്യക്ഷതയിൽ ലേ മെറിഡിയനിൽ നടന്ന ചടങ്ങിൽ ഇന്റർനാഷണൽ സൊസൈറ്റി ഓഫ് സർജൻസ് ഫോർ ഒബിസിറ്റി പ്രസിഡന്റ് ഡോ. ജെറാൾഡ് പ്രാഗർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ആഗോള തലത്തിൽ നോക്കിയാൽ ഇന്ത്യയിൽ അമിതവണ്ണക്കാരുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും ചികിത്സ ആവശ്യമായ രോഗാവസ്ഥ തന്നെയാണ് അതെന്ന് ജെറാൾഡ് പ്രാഗർ അറിയിച്ചു. അമിത വണ്ണക്കാരുടെ എണ്ണത്തിൽ 55 ശതമാനത്തിലേറെയാണ് പ്രതിവർഷം വർധനവുണ്ടാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സംഘാടക സമിതി ചെയർമാൻ ഡോ. ആർ പത്മകുമാർ, ലേക്ഷോർ എം.ഡി എസ്.കെ അബ്ദുള്ള, സംഘാടക സമിതി സെക്രട്ടറി ഡോ. മധുകർ പൈ തുടങ്ങിയവരും ചടങ്ങിൽ സംസാരിച്ചു.

സമ്മേളനത്തിന് മുന്നോടിയായി ബുധനാഴ്ച വി.പി.എസ് ലേക്ഷോർ ആശുപത്രിയിൽ സർജന്മാരുടെ പ്രീ കോൺഫറൻസ് സെമിനാറുകളും യുവസർജന്മാർക്ക് വേണ്ടി പ്രായോഗിക പരിശീലനവും നടന്നിരുന്നു. അമേരിക്കൻ ബായാട്രിക് സൊസൈറ്റി അധ്യക്ഷ ഡോ. മറിനാ കുര്യൻ, മെറ്റബോളിക് സർജറി ഉപജ്ഞാതാവ് ഡോ. ഓറിയോ ഡിപോള , ബ്രിട്ടീഷ് ഒബിസിറ്റി സൊസൈറ്റി അധ്യക്ഷൻ ഡോ. ജിം ബെറിൻ എന്നിവർ ഒബിസിറ്റി ചികിത്സയിലെ ആധുനിക മാറ്റങ്ങളെക്കുറിച്ച് വ്യാഴാഴ്ച നടന്ന സെമിനാറിൽ പ്രഭാഷണം നടത്തി.മൂന്ന് ദിവസത്തെ സമ്മേളനത്തിൽ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകളും ചർച്ചകളും നടക്കും. ഇന്ത്യയിലെയും വിദേശത്തെയും മുന്നൂറിലേറെ ഒബിസിറ്റി വിദഗ്ധരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. വരും ദിവസങ്ങളിൽ ഇന്റർനാഷണൽ ലക്ചേഴ്സ് വിഭാഗത്തിൽ ഇരുന്നൂറിലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടും.

അമിതവണ്ണം നിയന്ത്രത്തിലാക്കാനുള്ള മരുന്നുകൾ ജീവിതചര്യകൾ, ബലൂൺ ശസ്ത്രക്രിയകൾ, ശസ്ത്രക്രിയകൾ എന്നിവയിൽ അന്താരാഷ്ട്ര തലത്തിൽ വന്നിട്ടുള്ള പുരോഗതികൾ എല്ലാവരിലും എത്തിക്കുകയും ജനങ്ങൾക്ക് അവയുടെ പ്രയോജനം ലഭ്യമാക്കുകയുമാണ് ഈ സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്.

# കാർ ഹോസ്റ്റിങ്: കാർസ്24 സൂം കാർ സഹകരണം

**കൊച്ചി:**കാർ ഷെയറിങ് വിപണിയിലെ മുൻനിര കമ്പനിയായസൂംകാറും, ഉപയോഗിച്ച (പ്രീഓൺഡ്) കാറുകൾക്കായുള്ള ഇന്ത്യയിലെ പ്രമുഖ ഓട്ടോടെക് പ്ലാറ്റ്ഫോമായ കാർസ്24ഉം തങ്ങളുടെ കാർ ഷെയറിങ് സംരംഭത്തിൽ പ്രാദേശിക ഹോസ്റ്റുകളെ ശാക്തീകരിക്കാൻ കൈകോർക്കുന്നു. കാർ വാങ്ങുന്നതിനും അനുയോജ്യമായ ഫിനാൻസിങ് ഓപ്ഷനുകൾക്കുമായി കാർസ്24ൽ നിന്നുള്ള എക്സ്ക്ലൂസീവ് ഓഫറുകൾക്കൊപ്പം, വിപുലീകരണത്തിലും കാർ പങ്കിടലിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും സൂംകാർ ഈ തന്ത്രപരമായ പങ്കാളിത്തത്തിലൂടെ അവരുടെ ഹോസ്റ്റുകളെ സഹായിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

സൂംകാർ ഹോസ്റ്റുകൾക്ക് ഇപ്പോൾ കാർസ്24ൽ നിന്ന് മുൻകൂട്ടി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ യൂസ്ഡ് കാർ വാങ്ങലുകളിൽ 20,000 രൂപയുടെ അധിക ആനുകൂല്യങ്ങൾക്കൊപ്പം ഒരു ലക്ഷം രൂപ വരെ ഉറപ്പായ സമ്പാദ്യവും സ്വന്തമാക്കാം. ഹോസ്റ്റുകളെ താങ്ങാനാവുന്നതും വിശ്വസനീയവുമായ വാഹനങ്ങളുടെ നിർണായക ആവശ്യകതയെ അഭിസംബോധന ചെയ്യുന്നതോടൊപ്പം, കുറഞ്ഞ മുൻകൂർ മൂലധന നിക്ഷേപത്തിലൂടെ അവരുടെ ചെറുകിട ബിസിനസ് സാന്നിധ്യവും വരുമാനവും ഗണ്യമായി വർധിപ്പിക്കാനും ഈ സഹകരണം പ്രാപ്തരാക്കും. ഉപയോഗിച്ച കാർ വാങ്ങുന്നതിനും എളുപ്പത്തിലുള്ള ഫിനാൻസിങ് ഓപ്ഷനുകൾക്കുമുള്ള കാർസ്24ൽ നിന്നുള്ള ഓഫറുകൾ സൂംകാർ ഹോസ്റ്റുകളെ സംരംഭം കൂടുതൽ വിജയകരമാക്കാനും അവരുടെ വാഹനനിര വിപുലീകരിക്കാനും സഹായിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# ഫെഡറൽ ബാങ്കും ചോളമണ്ഡലവും ഇൻഷുറൻസ് പങ്കാളിത്തത്തിന് ധാരണ

**കൊച്ചി:** ഇടപാടുകാർക്ക് വാണിജ്യ വാഹന, ഉപകരണ ഇൻഷുറൻസ് ലഭ്യമാക്കുന്നതിന് ചോളമണ്ഡലം എംഎസ് ജനറൽ ഇൻഷുറൻസുമായി ഫെഡറൽ ബാങ്ക് ബാങ്കഷ്വറൻസ് പങ്കാളിത്തത്തിന് ധാരണയിലെത്തി. ഈ സഹകരണത്തിലൂടെ ഫെഡറൽ ബാങ്ക് ഇടപാടുകാർക്ക് ലളിതവും ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതും ഡിജിറ്റലുമായ വിവിധ ഇൻഷുറൻസുകൾ പദ്ധതികൾ രാജ്യത്തുടനീളം ലഭിക്കുന്നതാണ്. ഫെഡറൽ ബാങ്കിന്റെ എല്ലാ ശാഖകളിലും ഈ സേവനം ലഭ്യമായിരിക്കുമെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.ഇടപാടുകാർക്ക് ഏറ്റവും മികച്ച സേവനങ്ങളും ഉത്പന്നങ്ങളും ഉറപ്പാക്കുക എന്നതാണ് ഫെഡറൽ ബാങ്കിന്റെ എക്കാലത്തേയും നയം. വാണിജ്യ വാഹന, ഉപകരണ രംഗത്തെ ഞങ്ങളുടെ ഇടപാടുകാർക്ക് ആവശ്യാനുസരണമുള്ള ഇൻഷുറൻസ് സേവനം ലഭ്യമാക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ് ചോള എംഎസുമായുള്ള ബാങ്കഷ്വറൻസ് പങ്കാളിത്തം ഈ സഹകരണത്തിലൂടെ ലോകോത്തര സേവനങ്ങൾ ഫെഡറൽ ബാങ്ക് ഇടപാടുകാർക്ക് ലഭ്യമാവുമെന്നും അവർ പറഞ്ഞു.

ഫെഡറൽ ബാങ്കുമായുള്ള പങ്കാളിത്തം തങ്ങളുടെ വിതരണ ശൃംഖല കൂടുതൽ വിപുലീകരിക്കാൻ സഹായിക്കുകയും മികച്ച വളർച്ചാ അവസരങ്ങളൊരുക്കുമെന്നും ചോള എംഎസ് എംഡി വി. സൂര്യനാരായണൻ പറഞ്ഞു. 'വാണിജ്യ വാഹന, ഉപകരണ ഫിനാൻസ് രംഗത്ത് ഫെഡറൽ ബാങ്കിന്റെ വിപുലമായ സാന്നിധ്യം മികച്ച അവസരമാണ് നൽകുന്നത്. 26 സംസ്ഥാനങ്ങളിലുടനീളമുള്ള ഞങ്ങളുടെ 600 ലേറെ ശാഖകൾ വഴി ഭാവന വാഹന ആരോഗ്യ ഇൻഷുറൻസ് പോലത്തെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ ഇടപാടുകാരുടെ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കാൻ ഞങ്ങൾക്ക് സാധിക്കുന്നതാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു

## തിരുവനന്തപുരത്തെ നിംസ് മെഡിസിറ്റിയിൽ ജനിതകശാസ്ത്രാധിഷ്ഠിത പകർച്ചവ്യാധി പരിശോധന കേന്ദ്രം

**തിരുവനന്തപുരം:** ജനിതകശാസ്ത്രാധിഷ്ഠിത ഡയഗ്നോസ്റ്റിക്സിലെ മുൻനിരക്കാരായ ഹെയ്സ്റ്റാക്ക് അനലിറ്റിക്സും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായ നെയ്യാറ്റിൻകര നിംസ് മെഡിസിറ്റിയുമായി കൈകോർത്ത് ഇൻഫെക്സ്എൻ ടെസ്റ്റ് അവതരിപ്പിക്കുന്നു.

സാംക്രമിക രോഗനിർണ്ണയത്തിനുള്ള ലോകത്തിലെ പ്രഥമ ഓൺസൈറ്റ് ജീനോമിക്സ് ടെസ്റ്റാണ് ഇൻഫെക്സ്എൻ. ജനിതകശാസ്ത്രാധിഷ്ഠിത പകർച്ചവ്യാധി നിർണയത്തിനും പരിശോധനയ്ക്കുമാണ് ഇതോടെ അവസരം ഒരുങ്ങുന്നത്.ജനിതകശാസ്ത്രാധിഷ്ഠിത ഡയഗ്നോസ്റ്റിക് സെന്റർ സജ്ജീകരിച്ച് പ്രവർത്തികമാക്കുന്ന സാങ്കേതിക വിദ്യ സാംക്രമിക രോഗ പ്രതിരോധത്തിനു ഏറെ ഫലപ്രദമാകും. ഏതെങ്കിലും ബാക്ടീരിയയോ ഫംഗസോ മൂലമുള്ള അണുബാധ കണ്ടെത്തുന്നതിനു ജനിതകശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പരിശോധനയാണ് 24 മണിക്കൂറിനുള്ളിൽ പ്രസക്തമായ ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് ജീനുകൾ കണ്ടെത്തുന്നതിലൂടെ. ഇൻഫെക്സ്എൻ സാധ്യമാക്കുന്നത്. രോഗികളുടെ ജീവൻ രക്ഷിക്കാൻ ഈ പരിശോധന റിപ്പോർട്ട് സഹായകമാകും.അത്യാധുനിക ജനിതക പരിശോധനയും പരിഹാര നിർദ്ദേശവും ഏറെ പ്രയോജനകരമാകുമെന്ന് ഹെയ്സ്റ്റാക്ക് അനലിറ്റിക്സ് മെഡിക്കൽ അഫയേഴ്സ് ഡയറക്ടർ ഡോ മഹുവ ദാസ് ഗുപ്ത കപൂർ പറഞ്ഞു.നൂതന സംരംഭം സാംക്രമിക രോഗങ്ങൾ കണ്ടെത്തുന്നതിന്റെ കൃത്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുമെന്നു നിംസ് മെഡിസിറ്റി ജെനോമിക് മെഡിസിൻ മേധാവി ഡോ അനീഷ് നായർ പറഞ്ഞു.

## യൂഡിസർവ്മോർ കാമ്പെയിനുമായി ജിയോ ബിപി

**കൊച്ചി:** ഊർജ്ജ മേഖലയിലെ പെർഫോമൻസ്, സേവനം, മികച്ച ടെക്നോളജി എന്നിവയിലൂന്നി ജിയോ ബിപി 'യു ഡിസർവ് മോർ' (വൈഡിഎം) കാമ്പെയിൻ ആരംഭിച്ചു.

അതിവേഗം വികസിതമാകുന്ന ജിയോ ബിപി പൾസ് ഇവി ചാർജിംഗ് പോയിന്റ് നെറ്റ്!വർക്കിനൊപ്പം അന്തർദേശീയമായി വികസിപ്പിച്ചതും അധിക ചെലവ് വേണ്ടാത്തതുമായ ബെസ്പോക്ക് ആക്ടീവ് ടെക്നോളജി മുഖേന 4.3% വരെ ഉയർന്ന മൈലേജ് നൽകുന്ന ഡീസലും, എഞ്ചിനുകളെ ഏറ്റവും വൃത്തിയുള്ളതാക്കുന്ന പെട്രോളും സംബന്ധിക്കുന്നതാണ് വൈഡിഎം കാമ്പെയ്ൻ.ലഘുഭക്ഷണം, യാത്രാവസ്തുക്കൾ എന്നിവയ്ക്ക് 24x7 ഷോപ്പ്, വൈൽഡ് ബീൻ കഫേയ്ക്ക് കീഴിലുള്ള സിഗ്നേച്ചർ കോഫി എന്നിവയുൾപ്പെടുന്ന ജിയോ ബിപി മൊബിലിറ്റി സ്റ്റേഷനുകളുടെ സവിശേഷതകളും വൈഡിഎം കാമ്പെയിൻ എടുത്തുകാട്ടുന്നു.



# ഹയർ സെക്കണ്ടറി മേഖല ഇല്ലാതാക്കരുത്: എച്ച് എസ് എസ് ടി എ

**കൊച്ചി:** കേരളത്തിലെ പൊതുവിദ്യാഭ്യാസ ഏകീകരണത്തിന്റെ പേരിൽ ഹയർ സെക്കണ്ടറി മേഖല ഇല്ലാതാക്കി സെക്കണ്ടറിയായി മാറ്റുന്നതിനുള്ള നീക്കം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്ന് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം.ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ പങ്കാളിത്തത്തിനെതിരെയുള്ള പ്രഖ്യാപിത നിലപാടുകളിൽ നിന്ന് മലക്കം മറിഞ്ഞ ഇടതു സർക്കാറിന്റെ മറ്റൊരു തലതിരിഞ്ഞ നയമാണ് പൊതുവിദ്യാഭ്യാസ ഏകീകരണമെന്ന് പൊതു സമ്മേളനം ഉദ്ഘാടനം ചെയ്ത കെ പി സി സി വൈസ് പ്രസിഡന്റ് വി ടി ബൽറാം പറഞ്ഞു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ വിദ്യാർത്ഥികൾ കൈവിട്ട അവസ്ഥയാണ്. യാതൊരു തുറന്ന ചർച്ചകളുമില്ലാതെ ഏകാധിപത്യപരമായി അടിച്ചേൽപ്പിക്കുന്ന വികല പരിഷ്കാരങ്ങൾ മികച്ച രീതിയിൽ മുന്നോട്ടു പോകുന്ന ഹയർ സെക്കണ്ടറി മേഖലയെ കൂടി തകർക്കാനേ ഉപകരിക്കു എന്ന് സർക്കാർ തിരിച്ചറിയണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. വിദ്യാലയത്തിന്റെ ഭരണപരമായ രംഗത്ത് യാതൊരു സഹായവും നൽകാതെ മുന്നോട്ടു പോകുമ്പോഴും ഹയർ സെക്കണ്ടറി അധ്യാപകർക്കെതിരെയുള്ള നിരന്തരപീഠനം ഹയർ സെക്കണ്ടറി വകുപ്പ് അവസാനിപ്പിക്കണം. തസ്തികകൾ വെട്ടിക്കുറച്ചും സ്ഥലം മാറ്റ സ്ഥാനക്കയറ്റ കാര്യങ്ങളിൽ മെല്ലെപ്പോക്ക് തുടർന്നും ഹയർ സെക്കണ്ടറി സംവിധാനത്തെ നിരന്തരം അവഗണിച്ചുമുള്ള മുന്നോട്ടു പോക്ക് അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാവണമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

ഡി സി സി പ്രസിഡന്റ് അഡ്വ മുഹമ്മദ് ഷിയാസ് ആമുഖ ഭാഷണവും അഡ്വ ടി ജെ വിനോദ് എം എൽ എ മുഖ്യ പ്രഭാഷണവും നിർവ്വഹിച്ചു. വിദ്യാഭ്യാസ സാംസ്കാരിക സമ്മേളനം കെ ബാബു എം എൽ എ യും വനിതാ സമ്മേളനം ഉമാ തോമസ് എം എൽ എയും ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ എം ജോർജ് , ഡി സി സി ജനറൽ സെക്രട്ടറി കെ വി പി കൃഷ്ണകുമാർ , യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സിജോ ജോസഫ്, എഫ് എ ച്ച് എസ് ടി എ ചെയർമാൻ ആർ അരുൺകുമാർ , ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർമാരായ കെ ആർ മണികണ്ഠൻ , എം സന്തോഷ് കുമാർ, കെ സിജു, ഡോ എസ് എൻ മഹേഷ് ബാബു , രമേഷ് എം തമ്പി, കെ വെങ്കിട മൂർത്തി, എം വി അഭിലാഷ്, എൻ സദാശിവൻ , എം റിയാസ് , പി ഭാസ്കരൻ , കെ പി അനിൽകുമാർ, റോയിച്ചൻ ഡൊമനിക്, സി ജോസ് കുട്ടി, ടി എസ് ഡാനിഷ്, അഫ്സൽ കെ എ , വിൻസൺ സി എൽ, വിമൽ ജോസഫ്, നയനാദാസ്, സുജാത സി, നിഷ കെ യു, പി കെ രാജരാജൻ, രാജൻ തോമസ്, ഫൗസിയ പി കെ, തോമസ് സ്റ്റീഫൻ, രതി പി കെ, ബബിത ബി, അഭിരാം സി പി, എന്നിവർ പ്രസംഗിച്ചു.

# ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയ്ക്ക് കൊച്ചിയിൽ തുടക്കം

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബോട്ടിംഗ്, മറൈൻ, വാട്ടർസ്പോർട്സ് വ്യവസായങ്ങളുടെ പ്രദർശനമായ ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയുടെ (ഐബിഎംഎസ്) ആറാമത് പതിപ്പിന് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ തുടക്കമായി. ഇന്ത്യൻ കോസ്റ്റ്ഗാർഡ് ഡിഐജി എൻ രവി ഉദ്ഘാടനം ചെയ്തു. സ്പീഡ്ബോട്ടുകൾ, മറൈൻ എൻജിനുകൾ, നാവിഗേഷനൽ സിസ്റ്റങ്ങൾ, മീൻപിടുത്ത ഉപകരണങ്ങൾ, അനുബന്ധ സേവനങ്ങൾ തുടങ്ങിയ മേഖലകളിലെ 60ഓളം സ്ഥാപനങ്ങളാണ് മേളയിൽ പങ്കെടുക്കുന്നത്.



രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമിക്കുന്നവയും ഇറക്കുമതി ചെയ്തതുമായ ഉൽപ്പന്നങ്ങൾ പ്രദർശനത്തിനുണ്ട്. തൃശൂർ മുണ്ടൂരിലെ സെൽസെർ പോളിമേഴ്സ് നിർമിക്കുന്ന മോഡുലാർ ഫ്ളോട്ടറുകളാണ് പ്രദർശനത്തിലെ ആകർഷണങ്ങളിലൊന്ന്. ഇവയുപയോഗിച്ച് ചുരുങ്ങിയ സമയത്തിൽ ബോട്ട് ജട്ടികൾ, കേജ് ഫിഷ് ഫാമുകൾ, ഫ്ളോട്ടിംഗ് വാക്ക് വേയ്സ്, ഒഴുകുന്ന ചെറുദ്വീപുകൾ, ഫ്ളോട്ടിംഗ് സോളാർ പവർ പ്ലാന്റുകൾ, റെസ്റ്റോറന്റുകൾ എന്നിവ നിർമിക്കാൻ കഴിയുമെന്ന് ഡയറക്ടറും സിഎംഒയുമായ സുബിൻ സണ്ണി പറഞ്ഞു. പെലാജിക് ഔട്ട്ഡോർ എകിപ്മെന്റിന്റെ സ്റ്റാളിൽ ഫിഷിംഗ് റോഡുകൾ, റീൽസ്, ലൈൻസ്, ഹുക്ക്സ്, ല്യൂർസ്, ടെർമിനൽ ടാക്ക്ൾ എന്നിവയാണ് സന്ദർശകരെ കാത്തിരിക്കുന്നത്. ലിഷർ ഫിഷിംഗിന് കേരളത്തിൽ വലിയ വളർച്ചാ സാധ്യതയാണുള്ളതെന്ന് കമ്പനി വക്താവ് ഡെറിക് ഡിസൂസ പറഞ്ഞു. ഇലക്ട്രിക് ഔട്ട്ബോഡ് മോട്ടോർ, ബോട്ടുകൾ, ചാർജറുകൾ തുടങ്ങിയവയാണ് അഹമ്മദാബാദിൽ നിന്നെത്തിയിട്ടുള്ള കിൻടെക് ഇലക്ട്രികയാൻസിന്റെ സ്റ്റാളിലുള്ളത്. സിനിർജി ശ്രേണിയിൽ കെളാചന്ദ്ര പ്രെസിഷിൻ എൻജിനീയേഴ്സ് പുതുതായി വിപണിയിലറക്കിയ ഇലക്ട്രിക് ബോട്ടും ഏറെ സന്ദർശകരെ ആകർഷിക്കുന്നു. ഇവയ്ക്കു പുറമെ കളകൾ, പ്ലാസ്റ്റിക് മാലിന്യം എന്നിവ നീക്കം ചെയ്യുന്ന ബോട്ടുകളും കമ്പനിയുടേതായുണ്ട്. കള നീക്കം ചെയ്യുന്ന സവിശേഷ ബോട്ടുകളുമായി ക്ലിയർ റോബോട്ടിക്സും പ്രദർശനത്തിനുണ്ട്.കൊച്ചിയെ ഷിപ്പ് റിപ്പയർ, ഷിപ്പ് ബിൽഡിംഗ് വ്യവസായങ്ങളുടെ ഹബ്ബാക്കാൻ പോന്ന 4000 കോടി രൂപയുടെ പദ്ധതികൾ കൊച്ചിൻ ഷിപ്പ് യാർഡ് ആസ്ഥാനമായി കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്തതതിന്റെ പശ്ചാത്തലത്തിൽ ഐബിഎംസിന്റെ ആറാമത് പതിപ്പിന് വർധിച്ച പ്രസക്തിയുണ്ടെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനു പുറമെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എംഎസ്എംഇ മേഖലയെ പിന്തുണയ്ക്കുന്നതിനും ഈ പദ്ധതികൾ വഴി തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

# വാലന്റൈൻ ദിന ഓഫറുകളുമായി വണ്ടർലാ




**കൊച്ചി:** വണ്ടർലാ ഹോളിഡേയ്സ് വാലന്റൈൻ ദിന ഓഫറുകൾ പ്രഖ്യാപിച്ചു. ഫെബ്രുവരി 10 മുതൽ 14 വരെ നീണ്ടു നിൽക്കുന്ന വാലന്റൈൻ ആഘോഷങ്ങളുടെ ഭാഗമായി കപ്പിൾ ടിക്കറ്റുകൾ 1,899 രൂപയ്ക്ക് സന്ദർശകർക്ക് ഓൺലൈനിലൂടെ ബുക്ക് ചെയ്യാവുന്നതാണ്. ഈ ഓഫർ ഓൺലൈനിൽ മാത്രമേ ലഭ്യമാവുകയുള്ളു. ഇതുകൂടാതെ വണ്ടർലയിലെ ഏറ്റവും ഉയരം കൂടിയ സ്കൈ വീൽ റൈഡിൽ 425 രൂപയ്ക്ക് സ്കൈ വീൽ ഡൈൻ അനുഭവിക്കാനുള്ള അവസരവും പ്രണയ ദിനമായ ഫെബ്രുവരി 14ന്, വേവ് പൂളിനു സമീപത്തായി ബുഫേ ഡിന്നറും സന്ദർശകർക്കായി ലഭ്യമാണ്. ജിഎസ്ടി ഉൾപ്പെടെ 900 രൂപയാണ് രണ്ടു പേർക്കായി ഈടാക്കുന്നത്. ഓൺലൈനിലൂടെയും പാർക്ക് ടിക്കറ്റ് കൗണ്ടറുകളിൽ നിന്ന് നേരിട്ടോ ഈ പാക്കേജുകൾ ബുക്ക് ചെയ്യുവുന്നതാണ്.

# പുതിയ ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം

**കൊച്ചി** :വൈവിധ്യമാർന്നതും സ്റ്റൈലിഷുമായ പുതിയ ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം കളക്ഷൻ.പ്ലാറ്റിനം ചെയിനുകൾ,കൈത്തണ്ടയിൽ അണിയുന്നവ, കഴുത്തിൽ അണിയുന്നവ, മോതിരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിപുലമായ ഡിസൈനുകളാണ് മെൻ ഓഫ് പ്ലാറ്റിനത്തിന്റെ പുതിയ ശേഖരത്തിൽ ഉള്ളത്.





# നൈപുണ്യ പരിശീലനത്തിന് എൽബിഎസ് സ്കിൽ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നു

**കൊച്ചി:** നൈപുണ്യ പരിശീലനം വികസിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള എൽബിഎസ് സെന്ററിന്റെ കീഴിൽ എൽ.ബി.എസ് സ്കിൽ സെന്ററുകൾ കേരളത്തിൽ ഉടനീളം പ്രവർത്തനം ആരംഭിക്കുന്നു. ആദ്യ നിലയിൽ കേരളത്തിൽ 72 സെന്ററുകൾ ആണ് ആരംഭിക്കുന്നത് .എൽ.ബി.എസ്. സ്കിൽ സെന്റർ ലക്ഷദ്വീപിൽ തുടങ്ങുന്നതിന് തത്വത്തിൽ സർക്കാർ അനുമതിയായിട്ടുണ്ട്. പൂജപ്പുര എൽബിഎസ് എഞ്ചിനീയറിംഗ് കോളേജിൽ നടന്ന സമ്മേളനത്തിൽ മന്ത്രി ബിന്ദു ഉൽഘാടനം ചെയ്തു .

കേരളത്തിലെ യുവാക്കളുടെ നൈപുണ്യ പരിശീലന പരിപാടികൾ വികസിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ആധുനിക കോഴ്സുകളിൽ തൊഴിൽ നൈപുണ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യവും മുൻ നിറുത്തിയാണ് എൽ.ബി.എസ് സ്കിൽ സെന്ററുകൾ ആരംഭിച്ചിരിക്കുന്നത്. ഐ ടി കോഴ്സുകൾക്കു പുറമെ ഏറെ തൊഴിൽ സാധ്യതകളുള്ള ഹോസ്പിറ്റാലിറ്റി, ലോജിസ്റ്റിക്സ്, ഫൈൻ ആർട്സ്, ടൂറിസം, ഏവിയേഷൻ ഓട്ടോമൊബൈൽ, ഡിസൈൻ എന്നീ മേഖലകളിലെ കോഴ്സുകൾക്കുകൂടിയാണ്പ്രാധാന്യം നൽകിയിരിക്കുന്നത്. ഗവണ്മെന്റ് അപ്പ്രൂവ്ഡ് കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് www.lbsskillcetnre.com എന്ന വെബ്സൈറ്റിൽ നിന്നും നിങ്ങളുടെ അടുത്തുള്ള സെന്ററിന്റെ വിവരങ്ങൾ കിട്ടും.




# കേരളത്തിൽ കാൾസ്റ്റോഴ്സ് മൊബൈൽ വാൻ സർവ്വീസ് അവതരിപ്പിച്ച് ലക്ഷ്മി സർജ്ജിക്കൽസ്

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി എൻഡോസ്കോപ്പിക്കുള്ള മരുന്നുകളും ഉപകരണങ്ങളും ആശുപത്രികളിൽ നേരിട്ടെത്തിച്ച കാൾസ്റ്റോഴ്സ് മൊബൈൽ വാൻ സർവ്വീസ് ഇനി കേരളത്തിലും ലഭ്യമാകും. കൊച്ചിയിലെ ലേ മെറിയിനിൽ വ്യാഴാഴ്ച നടന്ന ചടങ്ങിൽ ഒബിസിറ്റി സർജറി സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ഡോ. പ്രവീൺ രാജ് സർവ്വീസ് വാൻ ഉദ്ഘാടനം ചെയ്തു.

കാൾ സ്റ്റോഴ്സ് മൊബൈൽ വാൻ സർവ്വീസ് കേരളത്തിൽ മെയിന്റനൻസിൽ മാത്രം ഒതുങ്ങാതെ തെലുങ്കാനയ്ക്ക് സമാനമായി ഡെലിവെറിയ്ക്ക് കൂടി സജ്ജമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ലേ മെറിഡിയനിൽ നടന്നുകൊണ്ടിരിക്കുന്ന ഒസ്സികോൺ 2024ന്റെ സംഘാടക സമിതി ചെയർമാൻ ഡോ. ആർ പത്മകുമാർ, അമേരിക്കൻ ബായാട്രിക് സൊസൈറ്റി അദ്ധ്യക്ഷ ഡോ. മറിനാ കുര്യൻ, ബ്രിട്ടീഷ് ഒബിസിറ്റി സൊസൈറ്റി അധ്യക്ഷൻ ഡോ. ജിം ബെറിൻ, കാൾ സ്റ്റോഴ്സ് എൻഡോസ്കോപ്പി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഹേമന്ദ് ആനന്ദ്, ഡയറക്ടർമാരായ ശ്രീറാം സുബ്രഹ്മണ്യം, അമിത് ശർമ്മ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.കാൾ സ്റ്റോഴ്സിന്റെ കേരളത്തിലെ അംഗീകൃത ഡീലർമാരായ ലക്ഷ്മി സർജ്ജിക്കൽസ് ആണ് സർവ്വീസ് ഓൺ വീൽസ് എന്ന പേരിൽ മൊബൈൽ സർവ്വീസ് വാൻ കേരളത്തിൽ ലഭ്യമാക്കുന്നത്. രണ്ടുപതിറ്റാണ്ട് കാലമായി കേരളത്തിലെ സർക്കാർ, സ്വകാര്യ ആശുപത്രികളിലെ മുൻനിര മെഡിക്കൽ ഉപകരണ വിതരണക്കാരാണ് ലക്ഷ്മി സർജ്ജിക്കൽസ്.ലഭ്യമാക്കിയിരിക്കുന്നത്.എൻഡോസ്കോപ്പിയുമായി ബന്ധപ്പെട്ട എന്തെങ്കിലുമൊരു ഉപകരണം കേടായാൽ ആ ഉപകരണം ഡൽഹിയിലോ, ബംഗളൂരുവിലോ, ചെന്നൈയിലോ കൊണ്ടുപോകാതെ തന്നെ ആശുപത്രിയിൽ വിദഗ്ധർ എത്തി വളരെ വേഗതയിൽ തകരാർ പരിഹരിക്കാമെന്നതാണ് സർവ്വീസ് ഓൺ വീൽസ് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ലക്ഷ്മി സർജ്ജിക്കൽസ് സെയിൽസ് ഡയറക്ടർ വിജു വിജയൻഅറിയിച്ചു.




# റെയിൽവേ വാഗൺ വീൽ നിർമ്മാണം വിപുലീകരിക്കാനൊരുങ്ങി ഹിൽറ്റൺ മെറ്റൽ ഫോർജിങ് ലിമിറ്റഡ്

**കൊച്ചി:** മുൻനിര ഉരുക്കു ഉൽപ്പന്ന നിർമ്മാതാക്കളായ ഹിൽറ്റൺ മെറ്റൽ ഫോർജിങ് ലിമിറ്റഡ് റെയിൽവേ ഫോർജ്ഡ് വാഗൺ വീൽ നിർമ്മാണം വിപുലീകരിക്കുന്നു.

പ്രതിവർഷം 48000 വീലുകൾ നിർമ്മിക്കാൻ ശേഷിയുള്ള പ്ലാന്റ് കമ്പനി പുതുതായി ഒരുക്കിയിട്ടുണ്ട്. വിപണിയിൽ വർധിച്ചു വരുന്ന ആവശ്യം കണക്കിലെടുത്ത് ബിസിനസ് വിപുലപ്പെടുത്താനാണ് കമ്പനിയുടെ പദ്ധതി. സമീപ ഭാവിയിൽ ടെൻഡറുകളിലൂടെ കൂടുതൽ വീൽ നിർമ്മാണ ഓർഡറുകളാണ് കമ്പനി പ്രതീക്ഷിക്കുന്നത്. ഈ രംഗത്ത് 18 മാസം പിന്നിട്ട കമ്പനി ഇതിനകം രണ്ടായിരത്തിലേറെ റെയിൽവേ വാഗൺ വീലുകൾ വിവിധ ഇന്ത്യൻ റെയിൽവേ വർക്ക്ഷോപ്പുകൾക്കായി വിതരണം ചെയ്തിട്ടുണ്ട്. റെയിൽവേ വീലുകൾ തദ്ദേശീയമായി നിർമ്മിക്കുന്ന ആദ്യ ഇന്ത്യൻ എംഎസ്എംഇ ആണ് ഹിൽറ്റൺ. കമ്പനിയുടെ വിറ്റുവരവിലും അറ്റാദായത്തിലും വർഷംതോറും മികച്ച വർധനയുണ്ട്.

# ഹരിത കർമ്മ സേനയുടെ പ്രവർത്തനം മാതൃക: കളക്ടർ

**കൊച്ചി:** മാലിന്യ മുക്തം നവകേരളത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സര വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു

ഹരിത കർമ്മ സേനയുടെ പ്രവർത്തനം സമൂഹത്തിന് മാതൃകയാണെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു.

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനോടനുബന്ധിച്ച് നടത്തിയ ഷോർട്ട് ഫിലിം മത്സരത്തിന്റെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹരിത കർമ്മ സേനാംഗങ്ങളെ ബഹുമാനിക്കേണ്ടതും അവർക്ക് അർഹമായ ആദരം നൽകേണ്ടതും സമൂഹത്തിന്റെ കടമയാണെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ ഭരണകൂടത്തിന്റെയും നവകേരള ക്യാമ്പയിൻ സെക്രട്ടേറിയറ്റിന്റെയും നേതൃത്വത്തിൽ ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സരത്തിൽ എറണാകുളം ഗവ. ലോ കോളേജിലെ എം. ഉമേഷും സംഘവും ഒരുക്കിയ 'സ്കാവഞ്ചേഴ്സ്' ഒന്നാം സ്ഥാനം നേടി. കോതമംഗലം യെൽദോ മാർ ബസേലിയോസ് കോളേജിലെ ജോസഫ് ജേക്കബ്ബിന്റെയും സംഘത്തിന്റെയും ' പേപ്പർ ലൗ സ്റ്റോറി' എന്ന ചിത്രം രണ്ടാം സ്ഥാനവും എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ എസ് എസ് അഭിജിത്തിന്റെയും സംഘത്തിന്റെയും 'കാക്ക' എന്ന ചിത്രം മൂന്നാം സ്ഥാനവും നേടി.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിച്ചത്.

ഹരിത കർമ്മ സേനയുടെ സേവനം സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കും വിധമാണ് ഓരോ ഷോർട്ട് ഫിലിമും ഒരുക്കിയിട്ടുള്ളത്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ തൃക്കാക്കര നഗരസഭയിലെ ഹരിത കർമ്മ സേനാംഗങ്ങളെ അസി. കളക്ടർ നിഷാന്ത് സിഹാര ആദരിച്ചു.

സബ് കളക്ടർ കെ.മീര, ശുചിത്വമിഷൻ ജില്ലാ കോഓഡിനേറ്റർ നിഫി എസ്. ഹക്ക്, നവ കേരള മിഷൻ ജില്ലാ കോഓഡിനേറ്റർ എസ് രഞ്ജിനി, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, കേരള ഖരമാലിന്യ പരിപാലന പദ്ധതി സോഷ്യൽ ആൻഡ് കമ്മ്യൂണിക്കേഷൻ വിദഗ്ധൻ എസ്. വിനു, ശുചിത്വ മിഷൻ ഐ.ഇ.സി. അസിസ്റ്റന്റ് കോ ഓഡിനേറ്റർ കെ.ജെ. ലിജി തുടങ്ങിയവർ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663